# പ്ളാച്ചിമടയുടെ മാനുഷിക പരിസ്ഥിതി പഠനത്തിന് ഒരാമുഖം

നിസാർ അഹമ്മദ്

**15-4-06 ൽ അങ്കമാലി സുരഭി ടൂറിസ്റ്റ് ഹോമിൽ വെച്ച് നടത്തിയ പ്രഭാഷണങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ**

പ്ളാച്ചിമടയെപ്പറ്റി എനിക്ക് പഠിച്ചിട്ടുള്ള അറിവില്ല. പ്ളാച്ചിമടയുടെ മാനുഷിക പരിസ്ഥിതി പഠനത്തിന് ആമുഖം പറയണമെങ്കിൽ പ്ളാച്ചിമടയിൽ എന്ത് നടക്കുന്നു എന്നതിനെ പ്പറ്റിയുള്ള വിശദാംശങ്ങൾ അറിയുന്ന ആളായിരിക്കണം. ഹ്യൂമൺ ഇക്കോളജി എന്ന് ഉദ്ദേശിക്കുന്ന മാനുഷിക പരിസ്ഥിതി പഠനം എന്നതും പഠിച്ചിട്ടുള്ള കാര്യമല്ല.

ഹ്യൂമൺ ഇക്കോളജി എന്ന വിഷയം ഒരു ഡിസിപ്ലീനാണോ ഉപഡിസിപ്ലിനാണോ ഒരു ഗവേഷക മേഖലയാണോ ഒരു രീതിശാസ്ത്രമാണോ എന്നുള്ളതിനെ കുറിച്ച് ആർക്കും വ്യക്തതയില്ല. പല യൂണിവേഴ്സിറ്റികളിലും ഈ വിഷയം ഉണ്ട്. കോളേജ് ഓഫ് ഹ്യൂമൺ ഇക്കോളജി എന്നു തന്നെ പല സ്ഥലങ്ങളിലുമുണ്ട്. 1970 കൾക്ക് ശേഷം ഈ വിഷയം ഒരുപാട് യൂണിവേഴ്സിറ്റികളിൽ വന്നിട്ടുണ്ട്. പക്ഷെ ഇവയെല്ലാം തമ്മിൽ ഒരു ആശയപ്പൊരുത്തമില്ല. അങ്ങിനെയുള്ള ഒരു മേഖലയുടെ സ്വഭാവത്തെപ്പറ്റി പറയുന്നതിൽ അനിശ്ചിതത്വമുണ്ട്. അതുകൊണ്ട് പ്ളാച്ചിമടയുടെ മാനുഷിക പരിസ്ഥിതി പഠനം എന്നുപറയുമ്പോൾ കൃത്യമായ നിർവചിതമായ, ഒരു പഠനമേഖല ഉണ്ടോയെന്ന് സംശയമാണ്. അതുകൊണ്ട് ഇപ്പോഴുള്ള വിവരങ്ങൾ വെച്ചുകൊണ്ടു തന്നെ പ്ളാച്ചിമടയുടെ മാനുഷിക പരിസ്ഥിതി പഠനം എന്ന് പറയുമ്പോൾ എന്തായിരിക്കണം, എങ്ങനെയായിരിക്കണം എന്നതിനെ കുറിച്ച് നിശ്ചിതമായ ഒരു പ്രസ്താവന വയ്ക്കാൻ പ്രയാസമായിരിക്കും.


ചിത്രീകരണം: ജോർജ് ആർ

ഹ്യൂമൺ ഇക്കോളജി എന്ന വിഷയത്തെക്കുറിച്ച് ധാരാളം വിവരങ്ങൾ നെറ്റിൽ നിന്ന് ആർക്കും ലഭ്യമാണ്. അതുകൊണ്ട് അതേക്കുറിച്ച് ഒന്നും പറയുന്നില്ല. പല കാലത്തും പല രീതിയിലായിരുന്നു ഇത്. ഉദാഹരണത്തിന് **1920** കളിൽ ഹ്യൂമൺ ഇക്കോളജി എന്ന് വിളിച്ചിരുന്നത് ഭൂമിശാസ്ത്രരീതിയിൽ (ജ്യോഗ്രഫി) ഊന്നൽ കൊടുത്ത കൊണ്ടുള്ള പഠനങ്ങൾക്കായിരുന്നു. **1970** ആകുമ്പോഴാണ് ഇക്കോളജി പശ്ചാത്തലത്തിൽ അത് നോക്കിക്കാണാൻ ആരംഭിച്ചത്. ഇന്നത്തെ സമകാലിക പഠനങ്ങൾ **1970** കളിലെ രീതികളിൽ നിന്നും വ്യത്യസ്തമാണ്. അങ്ങനെ ഹ്യൂമൺ ഇക്കോളജി എന്ന സങ്കല്പത്തിൽ രണ്ട് മൂന്ന് ദശകൾ കാണാം. പല ഡിപ്പാർട്ട്മെന്റുകളും പല രീതിയിലുമാണ് അതിനെപ്പറ്റി പഠിക്കുന്നുണ്ടാവുക.

ചിലർ സോഷ്യോളജിയുടെ ഭാഗമായാണ് ഹ്യൂമൺ ഇക്കോളജി പഠിക്കുന്നത്. ചിലർ ഇക്കോളജിയുടെ ഭാഗമായി പഠിക്കുന്നു. ചിലർ മനുഷ്യസമൂഹത്തെ പഠിക്കേണ്ട ഒരു രീതിയായിട്ടാണ് ഇതിനെ കാണുന്നത്. എന്നുവെച്ചാൽ ഇക്കളോജിക്കൽ പാരഡൈം ഉപയോഗിച്ച് മനുഷ്യ സമൂഹത്തെ പഠിക്കുക. മനുഷ്യർ എല്ലാവരും പരസ്പരം ബന്ധപ്പെട്ട് കൊണ്ട് ജീവിക്കുന്നതാണെന്നും ഓരോ സംസ്കാരത്തെയും ഓരോ സാമൂഹിക പ്രവർത്തനത്തേയും ഓരോ സാമൂഹിക സ്ഥാപനത്തേയും പഠിക്കേണ്ടത് ഇത്തരം പശ്ചാത്തലത്തി ലാണെന്നുമാണ് ഈ സമീപനം, ഇതൊക്കെ വ്യത്യസ്തമായ സമീപനങ്ങളോ കാഴ്ചപ്പാടുകളോ ആണ്. അതുകൊണ്ട് സർവ്വസ്വീകാര്യമായ ഒരു അർത്ഥം അത് ഉപയോഗിക്കുന്നവർ അതിന് കൊടുക്കുന്നില്ല.

ഇപ്പോൾ പ്രധാനമായി രണ്ട് വീക്ഷണങ്ങൾ കാണുന്നുണ്ട്. ഒന്ന് ഹ്യൂമൺ ഇക്കോളജിയെ സാമൂഹികശാസ്ത്രത്തിന്റെ ഒരു ഭാഗമായി കാണുക. എന്നുവെച്ചാൽ മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തിൻെ സോഷ്യോളജിക്കൽ കാഴ്ചപ്പാടിലൂടെ പഠിക്കുന്നതിന്റെ ഭാഗമായിട്ട് ഹ്യൂമൺ ഇക്കോളജി അതിന്റെ ഒരു മേഖലയായിക്കരുതുക. ഇതിനെ സോഷ്യൽ ഇക്കോളജി എന്നാണ് പറയുന്നത്. ബക്കുനിന്റെ സോഷ്യൽ ഇക്കോളജി എന്ന വേറൊരു സങ്കല്പം ഉണ്ട്. അത് വ്യത്യസ്തമാണ്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പര ബന്ധത്തിൽ (interaction) ഉണ്ടാകുന്ന സംഭവങ്ങളെയും പ്രതിഭാസങ്ങളെയും പഠിക്കുന്ന ഒരു ശാഖയായി സോഷ്യോളജി അവകാശപ്പെടുന്ന ശാഖയാണ് ഈ നിർവ്വചനപ്രകാരമുള്ള ഹ്യൂമൺ ഇക്കോളജി. മറ്റൊന്ന് ഇക്കളോജിക്കൽ ആഭിമുഖ്യം ഉള്ളതാണ്. ഇക്കോസിസ്റ്റത്തിൽ ഓരോ ഘടകങ്ങളും പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിൽ മാനുഷിക പ്രവർത്തനങ്ങൾ ഇക്കോസിസ്റ്റത്തിൽ എങ്ങിനെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു എന്ന് നോക്കി, എങ്ങിനെ അനന്തരഫലങ്ങൾ ഉണ്ടാക്കുന്നു എന്നു നോക്കി പഠിക്കുന്നതിനെ ഹ്യൂമൺ ഇക്കോളജിയായി വിശേഷിപ്പിക്കുന്നു. ഇക്കോളജി ഒരു ശാസ്ത്രമായി വരുന്ന സമയത്ത് മനുഷ്യസമൂഹം ഒരു വലിയ ഘടകമായി വന്നിട്ടുണ്ടായിരുന്നില്ല. മനുഷ്യർ എന്നത് മറ്റു

ഘടകങ്ങളെപ്പോലെ, മറ്റ് ജന്തുക്കളെപ്പോലെ മാത്രമേ കരുതിയിരുന്നുള്ളൂ. സവിശേഷതയൊന്നും നല്കിയിരുന്നില്ല. മനുഷ്യപ്രവർത്തനങ്ങളുടെ ഭീമമായ പ്രത്യാഘാതങ്ങൾ കൈകിഴിച്ചുകൊണ്ടാണ് അതുവരെ പഠിച്ചിരുന്നത്. ഇക്കോളജി എവിടെയോ കിടക്കുന്ന ഒന്നായിട്ടുള്ള കാഴ്ചയാണിത്. ഒരു പ്രത്യേക സ്ഥലത്ത് ഭൗതികവും ജൈവികവുമായ ഒരു സിസ്റ്റത്തിൽ എങ്ങിനെ അവർ പരസ്പരാശ്രിതമായി ജീവിക്കുന്നു എന്നുള്ളതിനെ പഠിക്കുന്ന ഒരു ശാഖ. ഇത്തരം ഒരു സിസ്റ്റത്തിൽ എന്തെങ്കിലും സംഭവവികസങ്ങളുണ്ടാകുന്ന സമയത്ത് അത് എങ്ങിനെ പരിസ്ഥിതി വ്യൂഹത്തിന്റെ അസന്തുലിതാവസ്ഥ ഉണ്ടാക്കുന്നു. അല്ലെങ്കിൽ എന്തുകൊണ്ട് ആ സംഭവവികാസം ഉണ്ടാകുന്നത് അവിടെ ? ഇത്തരം പരസ്പര ഘടിതത്വത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഇത്തരം പഠനങ്ങളിൽ മനുഷ്യനും ഇതിന്റെ ഭാഗമാണ്, മനുഷ്യപ്രവർത്തനങ്ങൾ ഭീമമായ മാറ്റങ്ങൾക്ക് ഇടയാക്കുന്നു എന്ന് ഇക്കോളജി ആദ്യകാലത്ത് വ്യക്തമായി തിരിച്ചറിഞ്ഞിരുന്നില്ല. എല്ലാ ഘടകങ്ങളേയും പോലെ ഒന്നായി മാത്രമേ മനുഷ്യരേയും കരുതിയിരുന്നുള്ളു. പ്രകൃതിശാസ്ത്രത്തിന്റെ ഭാഗമായി ഇക്കോളജി ഒരു ശാസ്ത്രമായി വികസിച്ചുകഴിഞ്ഞ ഘട്ടത്തിലാണ് മനുഷ്യന്റെ പ്രകൃതിയും തമ്മിലുള്ള ഇടപഴകലിൻെ പങ്ക് തിരിച്ചറിയുന്നതും പ്രകടമായി അംഗീകരിക്കപ്പെടുകയും ഇക്കോളജിയെ പുനർനിർവ്വചിക്കുകയും ചെയ്യുതുകൊണ്ടാണ് ഹ്യൂമൺ ഇക്കോളജി രൂപപ്പെടുന്നത്. ഇത് ഹ്യൂമൺ ഇക്കോളജിയുടെ സാമൂഹിക ശാസ്ത്രപരമായ നിർവ്വചനമല്ല. ഇക്കളോജിക്കൽ നിർവ്വചനം തന്നെയാണ്. പക്ഷെ ഈ പഠന സമീപനം എങ്ങിനെയാണ് നടപ്പാക്കാൻ പറ്റുക ? അതിൽ ഒരുപാട് സാമൂഹിക ശാസ്ത്രപരമായ വിവരങ്ങൾ വേണ്ടിവരും. ഇതാണ് ഹ്യൂമൺ ഇക്കോളജിയെ യഥാർത്ഥമായും ഇന്റർഡിസിപ്ലിനറിയായ പഠനമേഖല ആക്കുന്നത്. പ്രകൃതിശാസ്ത്ര വിഭാഗങ്ങളായ ഭൂമിശാസ്ത്രം, ജീവശാസ്ത്രം, കാലാവസ്ഥാശാസ്ത്രം. പരിസ്ഥിതിശാസ്ത്രം (എൻവിറോൺമെന്റൽ സയിൻസ്) തുടങ്ങിയ ശാസ്ത്രീയമായ അളവുകളെ ആസ്പദമാക്കിയുള്ള പഠനമേഖലകൾ ഉൾക്കൊള്ളുന്ന ഇക്കോളജി ശാസ്ത്രത്തിന്റെ രീതിയിൽ തന്നെയാണ് മനുഷ്യരുടെ ഇടപെടലിനെക്കുറിച്ച് പഠിക്കുന്നതെന്ന് അവകാശപ്പെടുന്നതെങ്കിൽ അത് സാമൂഹിക ശാസ്ത്ര സമീപനത്തോടെ പഠിക്കുക എന്ന് ചിന്തിക്കുമ്പോൾ അത് സാദ്ധ്യമാക്കുന്നത് എന്തൊക്കെയാണ് എന്ന് നോക്കാവുന്നതാണ്. അതിൽ മൂല്യങ്ങൾ, മനുഷ്യർ ജീവിതത്തെ കാണുന്ന രീതി, പ്രപഞ്ചത്തെ കാണുന്ന രീതി, സാമൂഹികമായി പരസ്പരം ബന്ധപ്പെടുന്ന രീതി, വിഭവങ്ങൾ ആർക്ക്, എങ്ങിനെ, എന്തിന് ഉപയോഗിക്കുന്നു എന്നതിന്റെ രാഷ്ട്രീയം ഇങ്ങനെ കുറെ ഘടകങ്ങൾ വരും. മാനുഷികമായ സാമൂഹിക ജീവിതത്തിന്റെ അകത്തേക്ക് . അതിന്റെ ഘടനയുടെ സ്വഭാവ വിശേഷങ്ങളിലേക്ക്, പോയിക്കൊണ്ട് ഈ ഇക്കോസിസ്റ്റത്തെ പഠിക്കുന്ന ആവശ്യകതയിലേക്കാണ് ഇത് നീങ്ങുന്നത്. അതുകൊണ്ടാണ് ഹ്യൂമൺ ഇക്കോളജി ഒരു യഥാർത്ഥ ഇന്റർ-ഡിസിപ്ലിനറി പഠനമാകുന്നത്. ഇക്കോളജിയുടെ മാത്രം അടിസ്ഥാനധാരണകളും മാനദണ്ഡങ്ങളും (പാരമീറ്റേഴ്സ്) വച്ചുകൊണ്ട് മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം പഠിക്കാൻ പറ്റില്ലായെന്നതുകൊണ്ടാണ് അത് ഇന്റർ ഡിസിപ്ലിനറിയാകുന്നത്, അതിർത്തി മേഖലയാകുന്നത്. ആ നിലയ്ക്ക് ഹ്യൂമൺ ഇക്കോളജി എന്നത് ഇക്കോളജി മേഖലയുടെ ചക്രവാളം വികസിപ്പിക്കുന്ന, ഇക്കോസിസ്റ്റത്തെ വിശാലമായി വീക്ഷിക്കാൻ പ്രേരിപ്പിക്കുന്ന ഒരു പഠന ശാഖയാണ്. സാമൂഹിക സ്ഥാപനങ്ങൾ അല്ലെങ്കിൽ മനുഷ്യന്റെ സാമൂഹികമായ പ്രവർത്തനങ്ങൾ, സാമൂഹികമായ സംഭവവികാസങ്ങൾ തുടങ്ങിയവ എന്തൊക്കെ പ്രത്യാഘാതങ്ങൾ പരിസ്ഥിതിയിൽ ഉണ്ടാക്കുന്നു. പരിസ്ഥിതിയിൽ ഉണ്ടാകുന്ന എന്തൊക്കെ സംഭവങ്ങൾ അവന്റെ സാമൂഹിക ജീവതത്തിൽ പ്രത്യാഘാതനങ്ങളുണ്ടാക്കുന്നു തുടങ്ങിയ കാര്യങ്ങൾ പഠിക്കാനുള്ള താൽപര്യത്തോടുകൂടി നോക്കുകയാണെങ്കിൽ സാമൂഹികശാസ്ത്രപ്രകാരവും ഹ്യൂമൺ ഇക്കോളജി ഒരു പ്രത്യേക ദിശാബോധമുള്ള പഠനവിഭാഗമാണ്. എന്നാൽ ഇവ രണ്ടും വ്യത്യസ്തമായ ഉത്തരങ്ങൾ തരാം. അല്ലെങ്കിൽ അവ നൽകുന്ന, സംയോജിക്കുന്ന ബിന്ദുക്കൾ വരാം. പക്ഷെ, ഈ രണ്ട് സമീപനങ്ങളും പരസ്പരബന്ധമില്ലാതെ സമാന്തരമായി പോകുകയും ചെയ്യാം. ഇന്നത്തെ ഗവേഷണരീതികൾ നോക്കുകയാണെങ്കിൽ വളരെ കടുത്ത സാമൂഹികശാസ്ത്ര സമീപനരീതികൾ ഉള്ള ഹ്യൂമൺ ഇക്കോളജി പഠനങ്ങൾ പാണാം. അതുപോലെത്തന്നെ ഇക്കോളജി സമീപനങ്ങളും മുന്തി നിർക്കുന്ന പഠനങ്ങളും ധാരാളമുണ്ട്. ഇതു നാം കാണുന്നതുപോലെ ലളിതമല്ല. ഉദാഹരണത്തിന് പൊളിറ്റിക്കൽ ഇക്കോളജി നോക്കുക. ഒരു ഇക്കോസിസ്റ്റത്തിന്റെ അകത്തുള്ള മനുഷ്യന്റെ ഇടപെടൽ വളരെ സുതാര്യമായി കാണാവുന്ന ഒന്നല്ല, ഒരു നിരീക്ഷണത്തിന് വിധേയമാകുന്ന കാര്യങ്ങളല്ല. അതിന്റെ അകത്ത് എന്തൊക്കെ രാഷ്ട്രീയമാണ് കടന്നുവരുന്നത് എന്ന് എളുപ്പം വ്യക്തമാകണമെന്നില്ല. ഉദാഹരണത്തിന് പ്രകൃതിവിഭവങ്ങളിൽ താൽപര്യമുള്ള രാഷ്ട്രീയോന്മുഖമായ ഒരു മനുഷ്യപ്രവർത്തനം ഒരുപക്ഷെ ഒരു ഇന്റർസ്റ്റേറ്റ് രാഷ്ട്രീയത്തിൽ കൂടിയാകാം കടന്നുവരുന്ന്. ഉദാഹരണത്തിന് എണ്ണയിലുള്ള അമേരിക്കയുടെ താല്പര്യം. ഇന്ന് ആഗോളമായി കാണുന്നത് പ്രകൃതിയും അല്ലെങ്കിൽ പരിസ്ഥിതിയുമായുള്ള മനുഷ്യരുടെ ഇടപെടൽ രാഷ്ട്രീയ സ്വഭാവമുള്ളതാണ് എന്നാണ്. അതിനെ പഠിക്കാൻ ഹ്യൂമൺ ഇക്കോളജിയിലുള്ള പ്രധാനപ്പെട്ട ഒരു ഘടകം political ecology ആണ്. ഇതിൽ തന്നെ രഷ്ട്രീയ സമ്പദ്‌വ്യവസ്ഥ (political economy) യും വളരെ പ്രധാന ഘടകമാണ്. രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ടാണ് ഒരുപാട് കാര്യങ്ങൾ ഇന്ന് കൈകാര്യം ചെയ്യപ്പെടുന്നത്. മനുഷ്യപ്രവർത്തനം അല്ലെങ്കിൽ വർത്തന പ്രതിവർത്തനം സാമ്പത്തിക താൽപ്പര്യങ്ങളെ കേന്ദ്രീകരിച്ച് അല്ലെങ്കിൽ അതിനെ പിൻതുടർന്ന് ചെയ്യുന്നതാണ്. പിന്നെ സംസ്കാരം. അങ്ങിനെ ഒരുപാട് കാര്യങ്ങൾ. ഇത് വളരെ സങ്കീർണ്ണമാണ്. മാനുഷിക പരിസ്ഥിതി എന്നതിനെ തൊട്ടുകഴിഞ്ഞാൽ അതിന്റെ ചരങ്ങൾ (variables) കടന്നുവരാവുന്ന ഘടകങ്ങൾ അസംഖ്യമാണ്. അവ എങ്ങിനെ പഠിക്കും എന്നുള്ളത് വളരെ പ്രധാനമാണ്. ഇതിന് നേരിട്ടുള്ള പരിഹാരമില്ല. ആ അർത്ഥത്തിൽ ഹ്യൂമൺ ഇക്കോളജി ഫെർമെന്റിൽ നിൽക്കുന്ന സാധനമാണ്. സ്റ്റഡീസ് ഇൻ ഹ്യൂമൺ ഇക്കോളജി എന്ന് എഡിറ്റ് ചെയ്ത പുസ്തകങ്ങൾ ഉണ്ട്. എന്നാൽ സൈദ്ധാന്തികമായ അനിശ്ചിതത്വങ്ങൾക്ക് വ്യക്തതയുണ്ടാക്കി കൊടുക്കാവുന്ന പഠനങ്ങൾ കുറവാണ്. അതായത് സൈദ്ധാന്തിക ഉന്മുഖത്വം എങ്ങിനെയാകണം എന്നുള്ളതിൽ പല അനിശ്ചിതത്വങ്ങളുമുള്ള പഠന ശാഖയാണ് ഹ്യൂമൺ ഇക്കോളജി. പ്ളാച്ചിമട പഠനത്തിലും ഇത് വരാം.

മുൻപ് ഒരിക്കൽ പറഞ്ഞത് പ്ളാച്ചിമടയെ സവിശേഷ പ്രാദേശിക പ്രശ്നമായി തന്നെ എടുക്കണമെന്നാണ്. പ്രാദേശിക സവിശേഷത മാത്രമല്ല, കാലം, ആളുകൾ ഇടപെട്ട ആ മൂർത്ത സംഭവങ്ങൾ മുഴുവൻ പരിശോധിക്കേണ്ടിവരും.

പ്ളാച്ചിമട സമരത്തിന്റെ വിജയത്തിനാവശ്യമായ സാമൂഹിക പ്രവർത്തനമെന്ത് തുടങ്ങിയ ചോദ്യങ്ങൾ, ഒരു കാര്യം എങ്ങിനെയാണ് ചെയ്യുക എന്നുള്ളത്, normative ആയ ചോദ്യങ്ങളാണ്. അത് ചെയ്യാനുദ്ദേശിക്കുന്ന ആളുകൾക്ക് സിദ്ധാന്തങ്ങൾ അല്ലെങ്കിൽ വിശദീകരണങ്ങൾ സഹായകരമാകുമോയെന്നതാണ് ഹ്യൂമൺ ഇക്കോളജി പഠനം പ്ളാച്ചിമട സമരത്തിന് സഹായകരമാകുമോ എന്ന് ചോദിക്കുന്നതിന്റെ അർത്ഥം. ഇതോടൊപ്പം വേറൊരു കാര്യം കൂടി പറയേണ്ടതുണ്ട്. ഹ്യൂമൺ ഇക്കോളജി എന്ന ആശയം ഇപ്പോൾ ഒരു excuse ആയി ഉപയോഗിക്കുന്നുണ്ട്. ഏത് വിഷയമായിക്കോട്ടെ, ജെൻഡർ ആയിക്കോട്ടെ പ്രകൃതിയുമായി ബന്ധപ്പെട്ട മനുഷ്യരുടെ എന്തുകാര്യം ചർച്ചചെയ്യാനും ഇപ്പോൾ ഹ്യൂമൺ ഇക്കോളജി എന്നവാക്ക് ഉപയോഗിക്കുന്നുണ്ട്. ഇത് ഈ പഠനമേഖലയുടെ തുറന്ന സ്വാഭാവമാണ് കാണിക്കുന്നത്. ഏത് കാര്യങ്ങളും ഈ തലക്കെട്ടിൽ കൊണ്ടുവരാമെന്നാണത്. പക്ഷെ ഹ്യൂമൺ ഇക്കോളജി ഒരു ശാസ്ത്രമാണെന്ന് നാം അംഗീകരിക്കുകയാണെങ്കിൽ അത് normative അല്ല. വിശദീകരണക്ഷമതയാണ് അതിന്റെ അവകാശവാദം. (explanatory claim). ഈയിടെ ഓക്സ്ഫോർസിൽ ഹ്യൂമൺ ഇക്കോളജി ഗവേഷണ ഗ്രൂപ്പ് തുടങ്ങിയതായി ഇൻറർനെറ്റിൽ കണ്ടു. സാമൂഹികലോകത്തുള്ള ജീവിതത്തെ എങ്ങിനെ ക്രമീകരിച്ച് കൊണ്ടു പോകാമെന്ന് വഴികാട്ടുന്ന പഠനശാഖയായിട്ടാണ് ഹ്യൂമൺ ഇക്കോളജിയെ ഇവർ പ്രതീക്ഷിക്കുന്നത്. പരിസ്ഥിതിയുമായുള്ള മനുഷ്യരുടെ വർത്തന പ്രതിപ്രവർത്തനം (interaction) താൽപര്യപ്പെടുന്ന അന്തരീക്ഷത്തിലാണ് ഇത്തരം അറിവ് പ്രതീക്ഷിക്കുന്നത്. ഇങ്ങനെ വരുമ്പോൾ normative ആയ ചോദ്യങ്ങളൊക്കെ അതിൽ ഉൾപെടും.

പ്ളാച്ചിമടയിൽ സമരത്തിലേർപ്പെട്ടവരെ സംബന്ധിച്ച് ഹ്യൂമൺ ഇക്കോളജി പഠനത്തിലൂടെ തേടാവുന്നത് അവരുൾപ്പെടുന്ന ഒരു സ്ഥിതിയിൽ എന്തൊക്കെയാണ് നടക്കുന്നതെന്ന് തിരിച്ചറിയാൻ സഹായിക്കുമോ എന്നാണ്. പക്ഷെ സമര സാഹചര്യത്തെക്കുറിച്ച് തിരിച്ചറിവുണ്ടാക്കുന്ന തിനുള്ള പഠനം എന്ന നിലയിൽ ഈ ചോദ്യം അർത്ഥവത്താണ്. എന്നാൽ ഇത് അവരുടെ ലക്ഷ്യം നേടാൻ സഹായിക്കുമോ എന്നതിനെ ഉറപ്പാക്കണമെന്നില്ല. അവസ്ഥകളെ തിരിച്ചറിയുന്നതിനില്ലാതെ വിജയം നേടുന്നതിനുള്ള വഴികളെന്ത് എന്നതിന് ഉത്തരം നൽകാൻ ഹ്യൂമൺ ഇക്കോളജിക്ക് കഴിയുമെങ്കിൽ അത് എങ്ങിനെയുള്ളതായിരിക്കും എന്നാണ് ചോദിക്കേണ്ടത്.

ആദ്യം ചെയ്യാവുന്നത് ഹ്യൂമൺ ഇക്കോളജിയുടെ അടിസ്ഥാന പ്രമാണങ്ങൾ (basic premises) കൈ വെച്ച് കൊണ്ട് പ്ലാച്ചിമടയിലെ സ്ഥിതിവിശേഷത്തെ അതിന്റെ ഏറ്റവും സങ്കീർണ്ണമായ പരസ്പര ഘടതിത്വത്തെ നോക്കാൻ വേണ്ടി പ്രതിരോധപ്രവർത്തകരെ പ്രാപ്തമാക്കുക എന്നതാണ്. അപ്പോൾ വരുന്ന ചോദ്യം ഏത് രീതിയിലാണ് ഹ്യൂമൺ ഇക്കോളജി ആളുകളെ തങ്ങളുൾപ്പെട്ട അവസ്ഥയെ തിരിച്ചറിയാൻ പ്രാപ്തമാക്കുന്നത് എന്നാണ്.

പ്ളാച്ചിമടയിലുണ്ടായ സംഭവങ്ങളാൽ ബാധിതരായ ജനങ്ങളും പ്രശ്നത്തിന് ഇടയാക്കിയെന്ന് ആരോപിക്കപ്പെടുന്ന മനുഷ്യരും ഹ്യൂമൺ ഇക്കോളജി പഠനമേഖലയെ സംബന്ധിച്ച് പരിഗണിക്കപ്പെടേണ്ട മാനുഷിക ഘടകങ്ങളാണ്. അതായത് ചില മനുഷ്യർ പരിസ്ഥിതിയുമായി ഇടപെട്ടത് അവരെയും മറ്റു ചിലരെയും ബാധിക്കുന്ന സ്ഥിതി (situation) യാണ് പ്ളാച്ചിമടയിൽ കാണുന്നത്. പ്രശ്നത്തിന് ഇടയാക്കിയവരും പ്രശ്നബാധിതരും എതിർ ചേരികളായി നിൽക്കുന്നു എന്നതിന് പുറമേ പ്രശ്നം തിരിച്ചറിയുകയും പരിഹരിക്കുന്നതിന് സമരമാർഗത്തിൽ മുന്നിട്ടിറങ്ങിയവരും പ്ളാച്ചിമടയിലെ മനുഷ്യർ - പ്രകൃതി സംബന്ധിച്ച് ഇടപടലിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് അന്വേഷണത്തിലുൾപ്പെട്ട മനുഷ്യ ഘടകങ്ങൾ തന്നെയാണ്. പ്രകൃതിയുമായുള്ള ബന്ധത്തിൽ, പരിസ്ഥിതി വ്യൂഹത്തിൽ, മനുഷ്യ കർത്താക്കൾ പരിണമിച്ചു വരുന്ന സമയത്ത് അത് തിരിച്ചറിയാതിരിക്കുന്നതുപോലും ഹ്യൂമൺ ഇക്കോളജിയുടെ പ്രശ്നമായി മാറും. അപ്പോൾ അത് പരിശോധിക്കുന്നത് സ്വന്തം പ്രവർത്തനം പരിശോധിക്കുന്ന തിലേക്കും നയിക്കും. ഇത് ഹ്യൂമൺ ഇക്കോളജി സ്വ പ്രതിഫലനത്തോടെ (self-reflexive) ചെയ്യുന്നതിന് തുല്യമാണ്. ഇതിലുൾപ്പെടുന്ന ഘടകങ്ങൾ പലതാവാം. ഒന്നാമത് വളരെ സാങ്കേതികമായ വിഷയങ്ങൾ ഇതിൽ വരാം. ഉദാഹരണത്തിന് ഒരു കമ്പനിക്ക് പ്രവർത്തനാനുമതി കൊടുക്കുന്നതുമുതലുള്ള കാര്യങ്ങൾ. കോക്കകോള പോലുള്ള കമ്പനിക്ക് പ്ളാച്ചിമട പോലുള്ള സ്ഥലങ്ങളിൽ പ്രവർത്ത നാനുമതി നല്കിയത് ന്യായികരിക്കപ്പെടാവുന്നതാണോ വീഴ്ചകളുള്ളതാണോ എന്നാണ് ഇവിടെ അന്വേഷിക്കേണ്ടത്. ഒരു കമ്പനി ഒരു വിഭവം ഒരു സ്ഥലത്ത് ഉപയോഗിക്കുമ്പോൾ സമീപത്തെ മനുഷ്യർക്കും ജീവജാലങ്ങൾക്കും പരിസ്ഥിതിക്കും അനന്തര ഫലങ്ങളുണ്ടാക്കുന്നവയാണെങ്കിൽ അതിനെ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കപ്പെട്ടത് എങ്ങിനെയാണ്? ഈ തീരുമാനങ്ങൾ എടുക്കുന്നതിലുൾപ്പെട്ട ഘടകങ്ങൾ എന്തൊക്കെയാണ് ? ഇവിടെ നിന്ന് വേണം അന്വേഷണം തുടങ്ങാൻ. അവസ്ഥയുടെ വിവരണാത്മക തലത്തിൽ ഒരു പ്രതിനിധാനം (representation) ഉണ്ടാക്കുകയാണ് നാം ഇതിലൂടെ ചെയ്യുന്നത്.

കമ്പനി സ്ഥാപിക്കുന്നതിന് മുൻപുള്ള സംഭവങ്ങളെ അന്വേഷിച്ച ശേഷം കമ്പനിയുടെ പ്രവർത്തനത്തെ തുടർന്നുണ്ടായ ജലമലിനീകരണം പോലുള്ളവ എങ്ങിനെ സംഭവിക്കുന്നു എന്ന് വിശദീകരിക്കാൻ നോക്കാം. ജലമലിനീകരണം ഉണ്ടെന്ന് കണ്ടെത്തികഴിഞ്ഞാൽ അതിന്റെ മാനുഷികമായ ഉത്തരവാദിത്വമുള്ളവരെ കണ്ടെത്തി കുറ്റം ചുമത്താനും ശിക്ഷ വിധിക്കാനും കോടതി പോലുള്ള സംവിധാനങ്ങൾ നിലവിലുള്ളതു കൊണ്ട് ആ സംവിധാനത്തിൽ ഉണ്ടായ സംഭവങ്ങളെ പരിശോധിക്കാവുന്നതാണ്. മലിനീകരണം പോലുള്ള പ്രശ്നം ഉണ്ടായാൽ അതു കണ്ടെത്തുവാനും നടപടിയെടുക്കു വാനുമുള്ള മലിനീകരണ നിയന്ത്രണ ബോർഡ് പോലുള്ള സ്ഥാപനങ്ങൾ ഇവിടെ നിർവഹിച്ച പങ്ക് കൈ വ്യക്തമായി പരിശോധിക്കണം. ജനാധിപത്യ ഭരണ സംവിധാനത്തിൽ ജനങ്ങൾക്ക് ചില അവകാശങ്ങളുണ്ട്. ഇത് എങ്ങിനെ പ്രയോഗിക്കപ്പെട്ടു?. കോടതി, മലിനീകരണ നിയന്ത്രണബോർഡ് പോലുള്ള വിദഗ്ദ്ധസ്ഥാപനങ്ങൾ, ലൈസൻസ് കൊടുക്കുന്ന ഏജൻസികൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങളും പ്ലാച്ചിമട സംഭവങ്ങളുമായി അവയ്ക്കുള്ള ബന്ധങ്ങളും വിവരിക്കുന്ന സമയത്ത് നാം ഒരു സംഭവമുണ്ടായ സാഹചര്യത്തെ ചുറ്റി വലയം ചെയ്യുക

(encircle) യാണ്. ഇതാണ് നാം ആദ്യം പൂർത്തിയാക്കേണ്ട ദൗത്യം. ഒരു പക്ഷേ പ്ളാച്ചിമട കാര്യത്തിൽ ഇത്തരം ഒരു വിവരണം ഇതുവരെ ഉണ്ടായിക്കഴിഞ്ഞിട്ടില്ല. പ്ളാച്ചിമട സമര പ്രവർത്തകർ എവിടെയൊക്കെയാണ് നോക്കേണ്ടത് എന്ന് വ്യക്തമായിരുന്നിട്ടില്ല എന്നാണ് ഇത് കാണിക്കുന്നത്. മലിനികരണം ഉണ്ടെന്ന് നമുക്ക് തോന്നി. പക്ഷേ അത് തെളിവായി കണക്കാക്കില്ല. ആര് പറയണം മലിനീകരണമുണ്ടെന്ന് ? മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫൈ ചെയ്യുന്നതേ തെളിവായി സ്വീകരിക്കപ്പെടൂ. ഇതാണ് ആധുനിക വിവര സമൂഹത്തിൽ നടക്കുന്നത്. ഒരാൾ കുറ്റം ചെയ്തെന്ന് തെളിവുണ്ടായാലും കുറ്റം ചുമത്തേണ്ടതും ശിക്ഷ വിധിക്കേണ്ടതും നമ്മളല്ല. കോടതിയും നിയമസഭയും ഒക്കെയാണ്. ഇങ്ങനെ ഒരുപാട് ബന്ധങ്ങൾ (links) കടന്നുവരുന്നു.

പ്ളാച്ചിമട സംഭവം അതിന് യോഗ്യമായ രീതിയിൽ പ്രതിനിധാനം ചെയ്യപ്പെട്ടിട്ടില്ലായിരിക്കാം. ആരംഭത്തിൽ ഇതിന് സാധിച്ചില്ലെങ്കിലും തുടർന്നു കൊണ്ടുപോകുന്ന സാഹചര്യത്തിൽ സംഭവത്തിനിടയാക്കിയ സാഹചര്യത്തെ യഥാർത്ഥമായി പ്രതിനിധാനം ചെയ്യേണ്ടത് അനിവാര്യമാക്കുന്ന സാമൂഹിക വ്യവസ്ഥിതിയിലാണ് സമരപ്രവർത്തകർ പ്രവർത്തിക്കുന്നത്. കോടതിയും, വിദഗ്ദ്ധ സ്ഥാപനങ്ങളും, നിയമസഭയും ഒക്കെ നിലനിൽക്കുന്ന വ്യവസ്ഥയെ അംഗീകരിച്ചുകൊണ്ടാണ് സമരം നടത്തുന്നത് എന്നതുകൊണ്ടാണ് അവസ്ഥയുടെ യാഥാർത്ഥ്യം വിവരിക്കുന്നത് അനിവാര്യമാകുന്നത്.


ഇതുവരെ പറഞ്ഞത് സാങ്കേതികവിവരങ്ങളുൾപ്പെടുന്ന ചില അടിസ്ഥാനതലങ്ങളെ കുറിച്ചാണ്. പ്രതിരോധ പ്രവർത്തനം നടക്കുന്നത് വിദഗ്ദ്ധജ്ഞാനത്തിനും വിദഗ്ദ്ധർക്കും നിർണ്ണായക പങ്കുള്ള ഒരു വ്യവസ്ഥയിലാണ് എന്നത് സമരപ്രവർത്തകർ തിരിച്ചറിഞ്ഞിരിക്കണം. തങ്ങളുന്നയിക്കുന്ന പ്രശ്നങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ പരിഗണിക്കപ്പെടുകയും തീരുമാനങ്ങൾ എടുക്കപ്പെടുകയും ചെയ്യൂ എന്ന് പ്രതിരോധ പ്രവർത്തകർ അറിഞ്ഞിരിക്കണം. ചില നിർണ്ണായക തീരുമാനങ്ങൾ എടുക്കുന്നത് നിയമ നിർമ്മാണത്തിലൂടെയാണെന്നും തങ്ങളുന്നയിക്കുന്ന പ്രശ്നങ്ങളെ ഈ നിയമനിർമ്മാണ രീതികൾക്ക് ഒത്തുചേർന്ന് പോകുംവിധം (synchronise) പൊതു സമൂഹത്തിൽ അവതരിപ്പിക്കേണ്ടതുണ്ടെന്നും പ്രതിരോധ പ്രവർത്തകർ മനസ്സിലാക്കി യിരിക്കണം. ഇവ അടിസ്ഥാനതല കാര്യങ്ങളാണ്.

പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രണ്ടാമത് ഒരു തലമുണ്ട്. പ്രതിരോധപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർ നിലവിലുള്ള സാമൂഹികജീവിതത്തിലെ സ്വാർത്ഥതയുടേയും, അധികാരമത്സരങ്ങളുടേയും സംഘർഷങ്ങളും വൈരുദ്ധ്യങ്ങളും പുനരവതരണം ചെയ്യുകയാണെങ്കിൽ ഇതിന്റെ മനഃശാസ്ത്രം വിശദീകരിക്കപ്പെടാൻ സൂക്ഷ്മതല രാഷ്ട്രിയ പഠനത്തിലൂടെ വിശദീകരിക്കാൻ ഹ്യൂമൻ ഇക്കോളജി പഠനത്തിന് കഴിയണം. ഇത് ഒരു ഉന്നതക്രമ (higher order) സ്ഥിതിവിശേഷമാണ്. അടിസ്ഥാനതലം (basic order) എന്നത് മുൻപേപറഞ്ഞ സാങ്കേതിക വിവരങ്ങളും ഘടകങ്ങളുടെ വിവരണവുമാണ്. മൂന്നാമത് ഒരു തലം (3rd order) സമരപ്രവർത്തകർ എങ്ങിനെയാണ് കൃത്യ നിർവ്വഹണം നടത്തുന്നത് എന്നതാണ്. ഒരു ക്രമവും മുകളിലുള്ള തലത്തെ (order) നെ പ്രവർത്തനക്ഷമമാക്കുമെന്ന് ഉറപ്പില്ല. അവസ്ഥ തിരിച്ചറിഞ്ഞാലും എങ്ങിനെയാണ് പ്രതിരോധ പ്രവർത്തനം നിർവ്വഹിക്കുക എന്നത് നിശ്ചിതമല്ല. ഈ നിർവഹണ ഘട്ടത്തിൽ പ്രവർത്തകർ പുറത്തുള്ള ലോകത്തിന്റെ സ്വാർത്ഥതയ്ക്കും, സംഘടനാപരമായ തൊഴുത്തിൽ കുത്തിനും, മത്സരങ്ങൾക്കും കീഴ്പെട്ട് പോകുന്നെങ്കിൽ വളരെ സൂക്ഷ്മമായി പഠിക്കപ്പെടേണ്ട കാര്യമാണ്. ഈ മേഖലയിൽ വളരെ പഠനങ്ങൾ ലോകത്ത് നടന്നു കൊണ്ടിരിക്കുന്നുണ്ട്.

ഹ്യൂമൻ ഇക്കോളജി ചില സ്ഥിതിവിശേഷത്തെ വിശദീകരിക്കാൻ കഴിവുള്ളതാകുന്നോ അതോ മനുഷ്യ കർത്താക്കളുടെ (human actors) മൂല്യങ്ങൾ ആന്തരികവൽക്കരിക്കുക യാണോ ചെയ്യുന്നത് എന്ന് ചോദിച്ചാൽ ഇത് രണ്ടുമാകാം എന്ന് പറയേണ്ടിവരും. മനുഷ്യകർത്താക്കൾക്ക് (human actors) അവസ്ഥളെ വിശദീകരിച്ചു കൊടുക്കുകയും ക്ലേശങ്ങളെ നേരിടാൻ വഴികൾ നിർദേശിക്കുകയും ചെയ്യുന്ന രണ്ട് ഘട്ടങ്ങൾ ഹ്യൂമൻ ഇക്കോളജിക്കുണ്ടാകാം. മനുഷ്യരും പരസ്ഥിതിയും തമ്മിലുള്ള ഇടപെടലിൽ അതിജീവനപരമായ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവസ്ഥയെ മനസ്സിലാക്കുന്നതോടൊപ്പം അതിജീവനത്തെ സഹായിക്കുന്നതിനുള്ള കാര്യനിർവ്വഹണത്തെക്കുറിച്ച് അറിവുണ്ടാക്കുകയും ചെയ്യുക എന്ന ഭാരവും ഹ്യൂമൻ ഇക്കോളജിക്ക് വരാം. കാരണം അതിജീവനം എന്നത് വെറും രാഷ്ട്രീയമായ തിരിച്ചറിവിലൂടെ മാത്രം സാധിച്ചു കൊള്ളണമെന്നില്ല. ഇതിന് മനുഷ്യർ തമ്മിൽ തമ്മിലുള്ള ബന്ധത്തിന്റെ പ്രശ്നങ്ങൾ കൂടി തിരിച്ചറിവുണ്ടാകണം. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ചില ഹ്യൂമൻ ഇക്കോളജി പഠനങ്ങളിലെങ്കിലും മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ഇടപെടലുകളിൽ ജീവശാസ്ത്രപരവും മനഃശാസ്ത്രപരവുമായ ഘടകങ്ങൾ ഉൾപ്പെടുത്തി തുടങ്ങിയിരിക്കുന്നു. ഉദാഹരണത്തിന് ഹ്യൂമൻ ഇക്കോളജി പഠനത്തിൽ ജെൻഡർ കാര്യങ്ങൾ കടന്നുവരുന്നത്, ചില പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ പോകുന്നത്, മറികടക്കാൻ പറ്റാതെ പോകുന്നത്, മനുഷ്യകർത്താക്കൾ തമ്മിലുള്ള ബന്ധത്തിൽ പുരുഷാധിപത്യം (patriarchy ) പോലുള്ള പ്രശ്നങ്ങളും ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടാണ് എന്ന് തിരിച്ചറിയുമ്പോഴാണ്.

ഒരു ഹ്യൂമൻ ഇക്കോളജി പഠനത്തിന് എന്ത് നേടാൻ പറ്റും എന്നുള്ള ചോദ്യത്തിന് പല തല (order) ങ്ങളിലാണ് അതിന്റെ ഉത്തരം കിടക്കുന്നത് എന്ന് പറയേണ്ടിവരും. ഒരു സംഭവം നടക്കുന്നതിലെ പരിസ്ഥിതിപരമായ വിവരങ്ങൾ (ecological information) വളരെ ഭൗതികവും സാങ്കേതികവുമായ (മലിനീകരണത്തിന്റെ അളവ്, സ്വഭാവം ഒക്കെ) കാര്യങ്ങൾ മാത്രമല്ല. ഭൗതികമായ ഇക്കാര്യങ്ങൾ ഒറ്റപ്പെട്ട് നിൽക്കുന്നവയല്ല.വ്യവസ്ഥയിലെ മറ്റ് സ്ഥാപനങ്ങളും മേഖലകളുമായി ബന്ധപ്പെട്ടാണ് ഈ ഒന്നാംതല വിവരങ്ങളുടെ പ്രാധാന്യം കിടക്കുന്നത്. മലിനീകരിക്കപ്പെട്ടു എന്നതിന്റെ ഭൗതികമായ തെളിവുമാത്രം പോരാ കോടതിയിൽ വിജയം നേടാൻ. സംഭവങ്ങളുടെ ഈ തലം കൂടി പ്രതിരോധ പ്രവർത്തകർ തിരിച്ചറിയേണ്ടതുണ്ട്.

നമുക്ക് ഭരണഘടനാപരമായി നല്കപ്പെട്ട സ്ഥിതിവിശേഷത്തിനകത്ത് മറ്റുചിലത് കൂടി സംഭവിക്കുന്നുണ്ട്. ഏലിയാസ് ഒക്കെ പറയുന്ന ഫിഗറേഷൻ (figuration) എന്നതാണത്. ചിലർ തമ്മിൽ ശൃംഖലാപ്രവർത്തനങ്ങൾ (net working) നടക്കുന്നു. പ്രതിരോധ പ്രവർത്തകർ അറിയേണ്ട പ്രധാനപ്പെട്ട കാര്യമാണിത്. നിയമനിർമ്മാണസഭ, കോടതികൾ, വിദഗ്ദ്ധസ്ഥാപനങ്ങൾ, കമ്പനികൾ ഇവയൊക്കെയുണ്ട്.



ഇതൊന്നുമല്ലാതെ ഇവയ്ക്ക് സമാന്തരമായി ചില നെറ്റ്വർക്കുകൾ നടക്കുന്നുണ്ട്. ഇതിലെ മനുഷ്യകർത്താക്കൾ സമാന്തരമായി ഒരു ഘടനയാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഭരണഘടനാപരമായി നൽകപ്പെട്ട കോടതിയ്ക്കും വിദഗ്ദ്ധ സ്ഥാപനങ്ങൾക്കും കൈ പുറത്ത് നടക്കുന്ന ഈ പ്രവർത്തനങ്ങളായിരിക്കാം ചിലപ്പോൾ നിർണ്ണായകമായി വരുന്നത്. ഇതിനെ നിഴൽ മണ്ഡലം (shadow field) എന്ന് വിശേഷിപ്പിക്കാം. മണ്ഡലം (field) എന്ന് പറഞ്ഞാൽ ഭരണഘടനാപരമായും സംഘടനാപരമായും നല്കപ്പെട്ടതാണ്. കോടതികൾ കൈ. ഇതിനകത്ത് വേറൊരു തരം പ്രവർത്തനങ്ങൾ നടക്കുന്നു. ഈ നിഴൽ മണ്ഡലത്തിന്റെ പ്രവർത്തനരൂപം അറിഞ്ഞിരിക്കേണ്ടത് പ്രധാനമാണ്. ഉദാഹരണത്തിന് കോക്കകോള കമ്പനിയിലെ ഷെയർ ഉടമ ആയിരിക്കാം വിദഗ്ദ്ധസമിതിയിൽ അംഗമായി വരുന്നത്, ഇവരുടെ താല്പര്യ പ്രകാരമായിരിക്കും നിയമസഭയിൽ ഒരംഗം പ്ളാച്ചിമടയെ കുറിച്ച് ചോദ്യം ചോദിക്കുന്നത്. കമ്പനിയുടെ പ്രതിനിധിയായിരിക്കാം പ്രതിരോധ സമിതിയുടെ ഓർഗനൈസിങ് സെക്രട്ടറിയായി പ്രവർത്തിക്കുന്നത്. ഇതൊന്നും എവിടെയും എഴുതിവെയ്ക്കപ്പെട്ട ചട്ടങ്ങളില്ല. ഇത് എളുപ്പം മനസിലാക്കപ്പെടാവുന്നതാകണമെന്നില്ല. മനുഷ്യമണ്ഡലത്തിന്റെ (human space) ഈ വശം നാം പരിശോധിക്കാതിരുന്നുകൂടാ. അവസ്ഥയുടെ സങ്കീർണ്ണമായ ഈ സ്ഥിതിയെ പ്രതിനിധാനം ചെയ്യാൻ ഹ്യൂമൺ ഇക്കോളജിക്ക് കഴിയണം.

ഹ്യൂമൺ ഇക്കോളജി എന്നത് ചില അടിസ്ഥാന പ്രമാണങ്ങൾ മാത്രമാണെന്നും മറ്റ് പഠന മേഖലകൾക്കിടയിൽ, political ecology കൈ അടങ്ങുന്നത്, നിലനിൽക്കുന്നൊന്നാണ് അതെന്നും നാം അറിഞ്ഞിരിക്കണം. ഹ്യൂമൺ ഇക്കോളജിയുടെ മുഖ്യപരിഗണന മനുഷ്യ പ്രവർത്തനങ്ങൾ പരിസ്ഥിതിയുമായി ഇടപെട്ട് പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും അത് തിരിച്ച് മനുഷ്യരെ ബാധിക്കുകയും ചെയ്യുന്ന മേഖലകളാണ്. ഈ മേഖലയിലുൾപ്പെടുന്ന മനശാസ്ത്രപരവും സാംസ്കാരികവും ഭരണപരവുമായ കാര്യങ്ങൾ ഹ്യൂമൺ ഇക്കോളജി പഠിതാക്കൾ പരിശോധിക്കേണ്ടിവരും. അപ്പോഴൊക്കെ അത് അന്തർമേഖലാപരം (interdisciplinary) ആകും.

ഇപ്പോൾ വികസിച്ചുകൊണ്ടിരിക്കുന്ന മേഖലാ പഠനങ്ങൾ (area studies) എന്ന പഠന ശാഖയുണ്ട്. ഹ്യൂമൺ ഇക്കോളജി ഇതിൽ നിന്ന് വലിയ വ്യത്യാസമുണ്ട്.

സംഭവങ്ങളുടെ പരിസ്പരബന്ധത്തി (inter connectedness) ന്റെയും പരസ്പരഘടിതത്വ (inter linkage) ന്റെയും അടിസ്ഥാനത്തിൽ പ്രശ്നത്തെ അവലോകനം ചെയ്യുന്ന രീതി കേരളത്തിലെയും ഇന്ത്യയിലെയും രാഷ്ട്രീയ പ്രവർത്തനത്തിൽ എവിടെയും ഇതുവരെ കാണുന്നില്ല. കാര്യങ്ങളെ പരസ്പരബന്ധിതമായി നിരീക്ഷിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന എന്തോ ഒന്ന് നമ്മുടെ നാട്ടിലെ സാമൂഹിക പ്രവർത്തനങ്ങളിലുണ്ട്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലുമില്ല ഇത്. പ്ളാച്ചിമട സമരത്തിൽ മുന്നിട്ടിറങ്ങിയ സാംസ്കാരിക നായകരെ ഇന്റർവ്യൂ ചെയ്യുനോക്കുക. പരസ്പര ബന്ധമില്ലാതെ സംഭവങ്ങളെ കാണുന്നത് വ്യക്തമായേക്കും.

പ്രതിരോധ പ്രവർത്തകർ പ്ളാച്ചിമടയെ അഭിമുഖീകരിക്കുന്നത് ഏകമാനകം (one dimensional) ആയിട്ടാണെന്ന് തോന്നുന്നു. പ്ളാച്ചിമടയിൽ പ്രശ്നമുണ്ട്. സമരം ചെയ്യുക. അപ്പോൾ ഗവൺമെന്റ് ഇതിൽ ഇടപെടും. ഈ ഒരു രീതിയിലേ അവർ നോക്കുന്നുള്ളു. ഇതിൽ ഉള്ളടങ്ങിയിട്ടുള്ള ഒരുപാട് ഘടകങ്ങൾ എന്തൊക്കെയാണെന്ന് കണ്ടുകൊണ്ട് ഒരു പ്രവർത്തനം നടന്നുകഴിഞ്ഞാൽ അതിന്റെ പ്രതികരണം (response) എന്തായിരിക്കുമെന്നത് തിരിച്ചറിയാൻ പ്രതിരോധ പ്രവർത്തകർക്ക് കഴിയുന്നുണ്ടാകില്ല. ഇതിന് കാരണം സമരസമിതി വിവിധ ഘടകങ്ങളെപ്പറ്റി പരസ്പര ബന്ധിതമായി ആലോചിച്ചിട്ടില്ല എന്നതാകാം. കേരളത്തിലെ പല സമരങ്ങളിലും ഈ സ്ഥിതിയുണ്ട്. പരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സമരത്തിലാണിത് കൂടുതൽ പ്രത്യക്ഷമാകുന്നത് എന്ന് മാത്രം.

എതിരാളികളുടെ പ്രവർത്തനങ്ങൾക്ക് അനുയോജ്യവും ആനുപാതികവുമായ ജാഗ്രത പ്രതിരോധ പ്രവർത്തകർക്ക് ഉയർത്താനാകുന്നില്ല. ആ രംഗത്തേക്കുള്ള തിരിച്ചറിവ് എന്തുകൊണ്ട് ഉണ്ടാകുന്നില്ലയെന്നത് തന്നെ പഠിക്കേണ്ടതുണ്ട്.

ആഴത്തിലുള്ള മറ്റ് ചില പ്രശ്നങ്ങളുമുണ്ട്. ഉദാഹരണത്തിന് ലഭ്യമായ വിവരങ്ങളുടെ വിശകലനത്തിന് തെരഞ്ഞെടുക്കുന്ന ഘടകങ്ങൾ നാം കാണാനാഗ്രഹിക്കുന്നവ മാത്രമായിരിക്കാം. ഒരു അവസ്ഥയെ പ്രതിനിധാനം ചെയ്യുന്നത് നാം അതിനെ സങ്കല്പിക്കുന്നതിനെ അനുസരിച്ചായിരിക്കാം. ഇത് മനഃപൂർവ്വം ചെയ്യുന്നതോ ഐഡിയോളജിയാൽ പ്രേരിതമോ ആകണമെന്നില്ല. അക്കാഡമിക് സമീപനത്തിന്റെ ഒരു സ്വഭാവം എന്തെന്ന് വെച്ചാൽ അത് വളരെ സ്വയം വിമർശനപരമാണ് (self critical) നല്ല അക്കാഡമിക് എല്ലാ സ്ഥാപനങ്ങൾക്കകത്തും വളരെ സ്വയം വിമർശകർ ആണ്. അവർ സ്വയം തന്നെ എപ്പോഴും പരിശോധിച്ചുകൊണ്ടിരിക്കും, വിമർശിച്ചുകൊണ്ടിരിക്കും. അവരുടെ ജഡ്ജ്മെന്റിന്റെ അടിസ്ഥാനമെന്താണെന്ന് അവർ എപ്പോഴും വിമർശാത്മകമായി നോക്കിക്കൊണ്ടിരിക്കും. അതുകൊണ്ട് അവർ എപ്പോഴും ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾക്ക് സാദ്ധ്യത തേടിക്കൊണ്ടിരിക്കും. അതുകൊണ്ടാണ് അവർക്ക് പലപ്പോഴും കർക്കശമായ (rigour) ഒരു കാഴ്ച ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

'പ്ളാച്ചിമടയുടെ മാനുഷിക പരിസ്ഥിതി പഠനത്തിന് ഒരാമുഖം' പ്രഭാഷണങ്ങളും ചർച്ചയും' സംഘാടനം : ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കോളജിക്കൽ സ്റ്റഡീസ്, പൂവ്വാട്ടുപറമ്പ, കോഴിക്കോട് – 8, കേരളീയം, തൃശ്ശൂർ 21, സൽസബീൽ സ്കൂൾ, കിരാലൂർ, തൃശ്ശൂർ, ത്രിവേദി, തൃശ്ശൂർ ജില്ല യൂണിറ്റ്, ഹരിതമൈത്രി, അങ്കമാലി

(പ്രഭാഷണത്തിന്റെ പൂർണ്ണരൂപം ആവശ്യമുള്ളവർ കേരളീയവുമായി ബന്ധപ്പെടുക)

*തത്വശാസ്ത്രവിഭാഗം, ശ്രീശങ്കര സംസ്കൃത സർവ്വകലാശാല, കാലടി*